"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 137/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1669/2024/LSGD തീയതി, തിരുവനന്തപുരം, 10-09-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 137/2009 നമ്പർ കേസിന്മേലുള്ള 23/09/2015 തീയതിയിലെ വിധിന്യായം.
2. സ.ഉ. (സാധാ) നം. 1021/2018/റവ തീയതി, 20/03/2018.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/03/2018 തീയതിയിലെ കെ10-22249/16 നമ്പർ നടപടിക്രമം.
4. സ.ഉ. (പി) നം. 32/2019/ധന തീയതി, 18/03/2019.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/10/2023 തീയതിയിലെ എ3/558/09/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ ബ്ലോക്ക് 35-ൽ സർവ്വെ നം. 444 (റീ. സർവ്വെ നം. 132)-ൽ ഉൾപ്പെട്ട 0.12 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീ. ബാബു മാത്യു ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 137/09 നമ്പർ കേസിലെ അടിയന്തര സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 4,32,071/- രൂപ (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) റിക്കൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,817/- രൂപ (ഒമ്പതിനായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് നല്കുന്നതിനുമായി ആകെ 4,41,888/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.

ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ ബ്ലോക്ക് 35-ൽ സർവ്വെ നം. 444 (റീ. സർവ്വെ നം. 132)-ൽ ഉൾപ്പെട്ടതും ശ്രീ. ബാബു മാത്യുവിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.12 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 137/09 നമ്പർ കേസിൽ പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്നതും പരാമർശം (3) പ്രകാരം തിരുവനന്തപുരം സബ്കോടതിയിൽ കെട്ടിവച്ചിട്ടുള്ളതുമായ 4,32,071/- രൂപ (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) റിലീസ് ചെയ്യുന്നതിനും എൽ.എ.ആർ 137/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,817/- രൂപ (ഒമ്പതിനായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ബാബു മാത്യു (S/o ചാക്കോ മാത്യു, റ്റി.സി. 10/786, പേരൂർക്കട, തിരുവനന്തപുരം) എന്നയാൾക്ക് നൽകുന്നതിനുമായി ആകെ 4,41,888/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ബേബി മാത്യു, S/o ചാക്കോ മാത്യു, റ്റി.സി. 10/786, പേരൂർക്കട, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/216/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-09-2024 17:25:11
സെക്ഷൻ ഓഫീസർ